**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob: 8281 707 785

Haj 2022

Date: 07-11-2021

# ഹജ്ജ് 2022
# സേവന കേന്ദ്രം ഉദ്ഘാടനം ചെയ്തു

ഹജ്ജ് 2022 അപേക്ഷകർക്കായി സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആദ്യ സേവന കേന്ദ്രം കോഴിക്കോട് പുതിയറയിലെ റീജ്യണൽ ഓഫീസിൽ ബഹു. ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. സേവന കേന്ദ്രത്തിലെ ആദ്യ അപേക്ഷ ഹജ്ജ് കമ്മിറ്റി മെമ്പർ ഉമർ ഫൈസി മുക്കം സ്വീകരിക്കുകയും 2022ലെ ഹജ്ജ് അപേക്ഷ സമർപ്പിച്ചവർക്കുള്ള സംസ്ഥാനതല ആദ്യ കവർ നമ്പർ അനുവദിക്കൽ ചെയർമാൻ സി. മുഹമ്മദ് ഫൈസി നിർവ്വഹിക്കുകയും ചെയ്തു. ഹജ്ജ് കമ്മിറ്റി മെമ്പർ ഐ.പി. അബ്ദുൽ സലാം ചടങ്ങിൽ ആശംസ നേർന്നു.

ഇന്ന് കോഴിക്കോട് റീജ്യണൽ ഓഫീസ്സിൽ നടന്ന ചടങ്ങിൽ ഹജ്ജ് കമ്മിറ്റി മെമ്പർ ഉമർ ഫൈസി മുക്കം അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ആരിഫ് ഹാജി, ഇമ്പിച്ചി ക്കോയ, ഹമീദ് മാസ്റ്റർ, ബാപ്പു ഹാജി, അസ്സയിൻ പന്തീർപാടം എന്നിവർ സംസാരിച്ചു. കോഴിക്കോട് ജില്ലയിലെ ഹജ്ജ് ട്രൈനർമാർ പരിപാടിയിൽ സംബന്ധിച്ചു. അസിസ്റ്റന്റ് സെക്രട്ടറി എൻ. മുഹമ്മദലി സ്വാഗതവും, കോ-ഓഡിനേറ്റർ അഷ്റഫ് അരയങ്കോട് നന്ദിയും പറഞ്ഞു.

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ രണ്ടാമത്തെ സേവന കേന്ദ്രം നവംബർ 10 ബുധനാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് കരിപ്പൂർ ഹജ്ജ് കമ്മിറ്റി ഓഫീസിനോട് അനുബന്ധിച്ച് പ്രവർത്തനമാരംഭിക്കും.

(ഒപ്പ്)
അസിസ്റ്റന്റ് സെക്രട്ടറി